# മലർ

## ലിറ്റിൽ കൈറ്റ്സ്

## ചെമ്മനൂർ എച്ച് എസ്

## ഡിജിറ്റൽ മാഗസിൻ





പി വി  വിജയലക്ഷ്മി അമ്മ

ചീഫ്  എഡിറ്റർ

ചെമ്മണ്ണൂർ എച്ച്  എസ്

സർഗാത്മകതയുടെ തിരി തെളിയുന്നു........................... ചിന്തകൾ ഒക്കെ വെളിച്ചമാകുന്നു.അതിന്റെ തേജസ്സിൽ നിങ്ങൾ ഉണരുമെന്ന ശുഭാപ്തി വിശ്വാസം ഞങ്ങൾക്കുണ്ട്.

കൊച്ചുമനസ്സുകളുടെ നിറവാണ് ഈ മാസിക. കാലത്തിന്റെ കയ്യൊപ്പുകൾക്ക് നിറങ്ങൾ ചാർത്തുമ്പോൾ മായാത്ത മുദ്രകൾ ഇവിടെ പതിയുന്നു.

ഇത് സുമനസ്സുകൾക്ക് ശക്തി പകരട്ടെ...................... അതിന്റെ ഊർജ്ജം ഓരോരുത്തരുടെയും പ്രയാണത്തിൽ വിജയധ്വനി മുഴക്കുമെന്ന് വിശ്വാസത്തോടെ.................

ഈ ഡിജിറ്റൽ മാഗസിൻ യാഥാർഥ്യമാക്കിയ ചെമ്മണ്ണൂർ ഹൈസ്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും **നന്ദി**

# ഉള്ളടക്കം

**ഉള്ളടക്കം**

ഉണർവിന്റെ പാതയിൽ........8
എന്റെ വിദ്യാലയം........9
ബാഷ്പാഞ്ജലി........10
ആ പൂമാല........11
'മായാത്ത കാഴ്ച്ചകൾ........12
തകഴി ശിവശങ്കരപ്പിള്ള........13
ഉപ്പ്........14
സുന്ദര കേരളം........16
കെടാത്ത സൂര്യൻ........20
ബുദ്ധിമാനായ രാജാവ്........21
വൈക്കം മുഹമ്മദ് ബഷീർ........22
പുഷ്പം........23
പെരുന്തച്ചൻ........24
മലയാളം........25

little KITEs

# 2019-21



# ലിറ്റിൽ കൈറ്റ്സ്

**ഉണർവിന്റെ പാതയിൽ**

"ഈ ജീവിതകഥ പറയാൻ
വെറുമൊരു പിടി
വാക്കുകൾ മാത്രം!
ഈ സാഗരനീലിമയാകെ
കോരിയെടുക്കാൻ
കുറിയൊരുക്കളുകൾ മാത്രം!
ഇതെന്തപൂർണതയെന്നറിയുമ്പോഴുമീയസ്വസ്ഥത!
അക്കഥ പറയാൻ വാക്കുകൾ തേടി,
അക്കടൽനീലിമ കോരിപ്പകരാൻ ചെപ്പുകൾ തേടി
സർഗസപര്യയിൽ മുഴുകുമൊരസ്വസ്ഥതയിൽ
ഞാനെൻ സ്വസ്ഥത തേടുന്നു!"

-ഒ. എൻ. വി. കുറുപ്പ്

(തോന്ന്യാക്ഷരങ്ങൾ)

## എന്റെ വിദ്യാലയം

തിങ്കളു താരങ്ങളെ ളുവെള്ളിക്കതിർ ചിന്നു
തുംഗമാം വാനിൻചോട്ടിലാണന്റെ വിദ്യാലയം
ഇന്നലെക്കണ്ണീർ വാർത്തു കരഞ്ഞ കരിവാന -
മിന്നതാ ചിരിക്കുന്നു, പാലൊളി ചിതറുന്നു.
"മുൾച്ചെടിത്തലപ്പത്തും പുഞ്ചിരിവിരിയാറു"
ണ്ടച്ചെപൂന്തോപ്പിലെപ്പനിരുരയ്ക്കുന്നു.
മധുവിൻ മത്താൽപ്പാറി മൂളുന്നു മധുപങ്ങൾ;
'മധുരമിജ്ജീവിതം ചെറുതാണെന്നാകിലും.

**ബാഷ്പാഞ്ജലി**

അന്തിച്ചുകപ്പാർന്നൊരംബരത്തിങ്കലെ-
യ്യെന്തിന്നു പിന്നെയും പായുന്നു നേത്രമേ?
കൽപാങ്കുരംപോലെ കമ്രമായുള്ളൊരാ-
കർപ്പൂരഖണ്ഡമുദിച്ചതില്ലിന്നിയും!
കാലമേ ലോകസരസ്സിങ്കൽനിന്നെത്ര
നീലോൽപലങ്ങളറുത്തു ഗമിച്ചു നീ
എത്ര നിശ്വാസങ്ങൾ പങ്കുവീശീല നിൻ
ജൈത്രയാത്രയ്ക്കു തെളിച്ച വഴികളിൽ!

**ആ പൂമാല**

ആരു വാങ്ങു, മിന്നാരു വാങ്ങുമീ-
യാരാമത്തിന്റെ രോമാഞ്ചം? . . . ‘
അപ്രമേയ വിലാസലോലയാം
സുപ്രഭാതത്തിൻ സുസ്മിതം
പൂർവ്വദിംശുഖത്തിങ്കലൊക്കെയും
പൂവിതളൊളി പൂശുമ്പോൾ,
നിദ്രയെന്നോടു യാത്രയുംചൊല്ലി
നിർദ്ദയം വിട്ടുപോകയാൽ
മന്ദചേഷ്ടനായ് നിന്നിരുന്നു, ഞാൻ
മന്ദിരാങ്കണവീഥിയിൽ.
എത്തിയെങ്കാതി,ലപ്പൊഴു,തൊരു
മുഗ്ദ്ധസംഗീതകന്ദളം....
‘ആരു വാങ്ങു,മിന്നാരു വാങ്ങുമീ-
യാരാമത്തിന്റെ രോമാഞ്ചം? . . . .

## ‘മായാത്ത കാഴ്ച്ചകൾ

നിലാവില്ലാത്ത രാത്രി. നദിയിലൂടെ നീങ്ങുന്ന ചെറുതോണി. അതിൽ ഏകാകിയായി യാത്ര ചെയ്യുകയായിരുന്നു രവീന്ദ്രനാഥ ടാഗോർ. മെഴുകുതിരിയുടെ അരണ്ട വെളിച്ചം തണുത്ത കാറ്റ് ഇടക്കൊന്ന് ആഞ്ഞ് വീശി.വിളക്കണഞ്ഞു. എങ്ങും കൂരിരുട്ട് . കയ്യിലെ പുസ്തകം അടച്ച് ടാഗോർ ചുറ്റിലും നോക്കി. ഇരുകരകളിലും വീട്ടുവെളിച്ചത്തിന്റെ കൊച്ചുകൊച്ചു ശകലങ്ങൾ! നദിയുടെ ഓളങ്ങളിൽ വെളിച്ചത്തിന്റെ നിഴലുകൾ ഇളകിയാടുന്നു. ആകാശത്തും നദിയിലും നക്ഷത്രങ്ങളുടെ രത്നഭംഗി! ഇരുട്ടിന്റെ

സൗന്ദര്യത്തിൽ മനംമയങ്ങി മഹാകവി

നിശ്ചലമായി ഇരുന്നു.

തകഴി ശിവശങ്കരപ്പിള്ള

**(1912-1999)**

**മലയാളത്തിലെ പ്രസിദ്ധ നോവലിസ്റ്റും കഥാകൃത്തും. സമൂഹത്തിൽ താഴേക്കിടയിലുള്ളവരുടെ ജീവിതം പച്ചയായി ആവിഷ്കരിച്ച എഴുത്തുകാരിൽ പ്രമുഖൻ. ആലപ്പുഴ ജില്ലയിലെ തകഴിയിൽ ജനിച്ചു. പല നോവലുകളും ചലച്ചിത്രമായിട്ടുണ്ട്.''ചെമ്മീൻ'' എന്ന നോവൽ ഇന്ത്യയിലെയും വിദേശത്തെയും ഒട്ടുമിക്ക ഭാഷകളിലേക്കും തർജമ ചെയ്തിരിക്കുന്നു.ജ്ഞാനപീഠം, കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ,വയലാർ അവാർഡ്, പത്മഭൂഷൺ ബഹുമതികൾ ലഭിച്ചു.**

പ്രധാന കൃതികൾ

**കയർ, ചെമ്മീൻ, രണ്ടിടങ്ങഴി, ഏണിപ്പടികൾ, തോട്ടിയുടെ മകൻ, ചുക്ക്, തെണ്ടിവർഗം, അഞ്ചു പെണ്ണുങ്ങൾ, നുരയും പതയും,പെണ്ണ്, ബലൂണുകൾ, ആകാശം, അനുഭവങ്ങൾ പാളിച്ചകൾ തുടങ്ങി മുപ്പത്തിനാലോളം നോവലുകൾ. ൻ അടിയൊഴുക്കുകൾ, ഒരു കുട്ടനാടൻ കഥ, നിത്യകന്യക, ഇങ്ക്വിലാബ്, ഘോഷയാത്ര പ്രതിജ്ഞ, ചരിത്രസത്യങ്ങൾ, ഞാൻ പിറന്ന നാട് തുടങ്ങി പതിനേഴോളം കഥാ സമാഹാരങ്ങൾ. അമേരിക്കൻ തിരശ്ശീല (യാത്രാ വിവരണം). എന്റെ വക്കീൽ ജീവിതം, ഓർമ്മയുടെ തീരങ്ങൾ (ആത്മകഥകൾ).**

**ഉപ്പ്**

തൊണ്ണൂറു വർഷം മുന്പ്
സമുദ്രത്തിന്റെ നിരന്തരതരംഗങ്ങളുടെ
വിയർപ്പു വറ്റിച്ച് ഞങ്ങളുണ്ടാക്കി,
ഒരു പിടി ഉപ്പ്.
മെലിഞ്ഞ കയ്യിൽ ഉയർത്തിപ്പിടിച്ച
ലോലമായ വെളുപ്പിന്റെ മൊട്ട്.

ഒരു കൈ പെട്ടെന്ന് വിലങ്ങണിഞ്ഞ
അറുപതിനായിരം കയ്യുകളായി
സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്നെതിരെ
ഉയർത്തിപ്പിടിച്ച പല കോടി മുഷ്ടികളായി
അന്നു മുതൽ സത്യം
തടവിലാക്കപ്പെട്ട ഉപ്പ് എന്ന് അറിയപ്പെട്ടു.

രാമൻ, അള്ളാ, ഖുദാ, മിശിഹാ,
എല്ലാമായിരുന്ന ഞങ്ങൾക്ക് ഉപ്പ്.
കടൽനുരയിൽ നിന്നുയർന്നു
അടുക്കളയിലെത്തിയ പ്രവാചക,

സ്വപ്നങ്ങളുടെ നിത്യസംരക്ഷകനായ
വെള്ളച്ചിറകുള്ള മാലാഖ
ഒരു പിടി സ്വാതന്ത്ര്യം
ഒരു പിടി സമത്വം
ഒരു പിടി സ്നേഹം
ഒരു പിടി കാരുണ്യം,
ഒരു ലവണബുദ്ധൻ

ഇന്നു ഞങ്ങൾ
ഒരിക്കൽകൂടി ഉയർത്തുന്നു,
സമുദ്രനീലയുടെ പശ്ചാത്തലത്തിൽ
വെളുത്ത ഉപ്പിന്റെ ഒരു പതാക.
ഞങ്ങൾക്കിനിയും ദർശനം നൽകാതെ
തെന്നിപ്പോകുന്ന
കൃഷ്ണകേശിനിയായ  സ്വാതന്ത്ര്യം,
ഞങ്ങൾ ഇന്നും ചെവിയോർത്തിരിക്കുന്ന
ശുഭ്രസമതയുടെ തുഷാരവിസ്താരം
ഞങ്ങളുടെ മാംസവും മിഴിനീരും കൊണ്ട്
സ്വേദസുഗന്ധിയായ തയമ്പുറ്റ  ഒരു കൈ,

തൊണ്ണൂറു വർഷം മുമ്പ്,
ഗാന്ധി ദണ്ഡിയിലുയർത്തിയ
കലാപത്തിന്റെ മണൽത്തരികൾ
പറ്റിപ്പിടിച്ച, അരികു കറുത്ത,
**നീതിയുടെ ഒരു പിടി ഉപ്പ്.**

ചെമ്മണ്ണൂർ എച്ച്  എസ്

**സുന്ദര കേരളം**

മഹാബലിയുടെ സമത്വസുന്ദരമായ ഭരണകാലം വർണ്ണിച്ചുകൊണ്ടാണ് കൃതിയുടെ ആരംഭം. മഹാബലിയെ പാതാളത്തിലേക്ക് ചിവിട്ടി താഴ് ത്തിയതോടെ ഓണാഘോഷം മുടങ്ങിയതായി ശ്രീകൃഷ്ണനോട് പരാതി പറയുമ്പോൾ ആണ്ടിൽ ഒരിക്കൽ ചിങ്ങമാസത്തിലെ തിരുവോണനാളിൽ പ്രജകളെ കാണാൻ മഹാബലിക്ക് അനുവാദം നൽകുന്നു. ഇതാണ് ഓണപ്പാട്ടിന്റെ ഇതിവൃത്തം. കോല്ലവർഷം ഒമ്പതാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടതെന്ന് കരുതപ്പെടുന്ന ഈ പാട്ടിന്റെ കർത്താവ് ആരെന്ന് വ്യക്തമല്ല. ജാതിമത വ്യത്യാസമില്ലാതെ കേരളീയരെല്ലാം ആഘോഷിക്കുന്നുവെന്നതും ഓണത്തിന്റെ മാത്രം പ്രത്യേകതയാണ്. ഓണനാളുകളിൽ സജീവമാകാത്ത വിപണികളില്ല. സന്തോഷം നിറയാത്ത മനസ്സുകളില്ല. ഓണം മലയാളി നാടിന്റെ പുണ്യകാലമാണ്.
ഓണസദ്യയുണ്ട്. ഓണമുണ്ടുടുത്ത്, ഓണക്കളികളിലേർപ്പെട്ട് ഉച്ചനീചത്വമില്ലാതെ തുല്യതയുടെ ആഘോഷമാണ് ഓണം. ജാതിമത വ്യത്യാസങ്ങൾ നിലവിലുള്ളപ്പോഴും ഉച്ചനീചത്വങ്ങൾ നിലവിലുണ്ടായിരുന്നപ്പോഴും ജന്മികുടിയാൻ ഭേദങ്ങളുടെ കാലഘട്ടത്തിലും അയിത്താചാരണ കാലത്തും മനുഷ്യരെല്ലാം ഒന്നുപോലെ കണ്ട ഓണം മലയാളികളുടെ സമ്പന്നമായ സംസ്കാരത്തിന്റെ പ്രതീകമാണ്. നന്മയുടെ പ്രതീകമാണ്. നൈസർഗികമായ പ്രകൃതി ഭംഗിയാണ് കേരളത്തിന്റെ മറ്റൊരു സവിശേഷത. കായലോരങ്ങളിൽ തല ഉയർത്തി നിൽക്കുന്ന മലയാള നാടിന് കേരളമെന്ന പേര് സമ്മാനിച്ച കേരവൃക്ഷങ്ങൾ, വന്യമൃസംരക്ഷണ കേന്ദ്രമായ തേക്കടി, പക്ഷി സംരക്ഷണ കേന്ദ്രമായ കോട്ടയത്തെ കുമരകം, ഭാരതത്തിലെ പ്രമുഖ

തീർത്ഥാടനകേന്ദ്രമായ ശബരിമല, കാനനഭംഗി നിറഞ്ഞ് തുളുമ്പുന്ന ഇടുക്കി ഇവയെല്ലാം നൈസർഗികതയുടെ കളിത്തൊട്ടിലുകളാണ്. കേരളത്തിലെ പ്രകൃതി ഭംഗി നിലനിറുത്തിയിട്ടുള്ള വിലപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങൾ കൂടിയാണവ. പരസ്പരം പൂരകങ്ങളായ ആറ് ഋതുക്കൾ, ഞാറ്റുവേല. ചിങ്ങത്തിലെയും മേടത്തിലെയും വസന്തകാലം. ഇവയെല്ലാം കേരളത്തിന്റെ പ്രത്യേകകതകളാണ്

## വെളിച്ചം

ഒരിക്കൽ ഒരു മനുഷ്യൻ തന്റെ കൃഷിയിർത്തിൽ നിന്ന് അതിമനോഹരമായ ഒരു വെണ്ണക്കൽ പ്രമിത കുഴിച്ചെടുത്തു. സൗന്ദര്യവസ്തുക്കളെ സ്നേഹിക്കുകയും ആവ ശേഖരിക്കുകയും ചെയ്യിരുന്ന ഒരാളുടെ അടുത്തേക്ക് അയാൾ അതുമായി ചെന്നു. അയാൾ ആ പ്രതിമയെ വലിയ വിലക്ക് വിറ്റു.

പണവുമായി വീട്ടിലേക്കു മടങ്ങുമ്പോൾ അയാൾ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങി.ഈ പണം എന്തു മാത്രം ജീവിത സൗകര്യങ്ങളാണ് നൽകുന്നത്. എല്ലാവരാലും അവഗണിക്കപ്പെട്ട് ആയിരത്തോളൺ വർഷങ്ങളായി മണ്ണിനടിയിൽ പൂതഞ്ഞുകിടന്നിരുന്നഒരു മൃതശിലാഖണ്ഡത്തിനു പകരമായി ഇത്രമാത്രം പണം നൽകി ഏതു വിഢി ഇത് വിലക്കുവാങ്ങും?

അപ്പോൾ തന്റെ കൈക്കലെത്തിച്ചേർന്ന പ്രതിമയിലേക്കു നോക്കി സൗന്ദര്യാസ്വാദകൻ ഇങ്ങനെ ചിന്തിക്കുകയായിരുന്നു. എന്തൊരു സൗന്ദര്യം!എന്തൊരു ജീവപ്രകാശം!ആയിരം വർഷങ്ങളുടെ നിർ

മ്മലമധുരമായ നിദ്രയ്ക്കുശേഷം എന്റെ കൈകളിലെത്തിച്ചേർ
ന്നിരിക്കുന്നത് ഏത് ആത്മാവിന്റെ സ്വപ്നമാണ്!മൃതവും
സ്വപ്നരഹിതവുമായ പണത്തിനു പകരമായി ഇതിനെ കൈമാറാൻ ആർ
ക്കു തോന്നും.

-പുരോഗമി

**(ഖലീൽ ജിബ്രാൻ)**

**പെരുന്തച്ചൻ**

ഇത്തിരിക്കൊരു സുഖം തോന്നുന്നുണ്ടെനിക്കിന്നൻ-
പൊത്തിലെത്രനാളായ് ഞാൻ ചുരുണ്ടുകിടക്കുന്നു!
വാതമെന്നലുമ്പിലെ മജ്ജയൊക്കെയും കാർന്നു,
പ്രേതമായിത്തീർന്നു ഞാനെന്നാകിലും ശ്വസിക്കുന്നു.
ഉളിവെയ്ക്കുമ്പോൾ കട്ട പൊന്നു പോൽ മിന്നും പ്ലാവും
കളിവഞ്ചി വെട്ടീടാൻ ചേലേറ്റും വൻതേമാവും
നിറയെ പൂത്തും കായച്ചും നിൽക്കുമീ മീനക്കാലത്തി-
റിയത്തു ചെന്നൊന്നു നോക്കുവാൻ കഴിഞ്ഞെങ്കിൽ!
എൻ പറമ്പിലില്ലാ ഒറ്റ കുറ്റിവാഴയുമെനി-

ക്കിമ്പമാണെവിടെയും മരം കണ്ടാൽ.

ഒൻപതാൾ പിടിച്ചാലും പിടികൂടാതുണ്ടൊറ്റത്തമ്പക-

മുളയന്നൂരമ്പലമൈതാനത്തിൽ.

വളവില്ലാ പോട്ടും കേട്ടുമെൻ കണ്ണാൽ ഞാനൊന്നളന്നിട്ടൊ-

രെൺപതു  കോലിനപ്പുറം പോവും

മുറിച്ചാലതു മതി നാട്ടിലെ പുരക്കെല്ലാം

മുളമോന്തായം മാറ്റാ, മുത്തരത്തിനും കിട്ടും .

അല്ലെങ്കിലൂരാണ്മക്കാർ മോഹിക്കും പോലെ ചെത്തി-

യില്ലാമാളികകൾക്കു ചീലാന്തിക്കതൊപ്പിക്കാം.

**കെടാത്ത സൂര്യൻ**

അക്ഷരത്തിന്നനന്തമാകാശ-

വക്ഷസ്സിൽ ഹൃദയതാളമായും

ചിത്തിരക്കിനാതാരകത്തുമായി-

ലിത്തിരി സ്നേഹ വട്ടമായും

ഏതടുപ്പുകല്ലിന്നുള്ളിലുമൊരെ-

തീയെരിക്കുന്ന സത്യമായും സർഗ്ഗപാദ പുക്ഷമായും

അന്തിനേരത്തു പാഴ്ക്കൂടിൽ തിണ്ണയിൽ

ചന്തമറ്റുമിടിഞ്ഞാലയും
വെച്ചു വീണഴന്നീടുന്ന നിസ്യന്റെ
വേർപ്പിലർന്ന ഗന്ധമായും
നാട്ടുനന്മകൾ കാക്കുവാമൻ വാക്കിന്റെ
ഗാട്ടുകാരാനാംനാദമായും
ഉജ്വലോജ്വമാം യുദ്ധബൂമിയി-
ലർജ്ജുനാസ്ത്രത്തിൽ വേഗമായും
അത്ത ലാലുള്ള കത്തവെ നേർത്തതാം
ചിത്ത സംഗീത ധാരയായും
മൃത്യുവിൻ കടും കെട്ടിറിക്കുമ്പോഴും
നിത്യ കർമ്മ സൗഭാഗ്യമായും
മുന്നിലേക്കു കുതിച്ചിന്നശ്വര

**ബുദ്ധിമാനായ രാജാവ്**

ഒരിടത്ത് ഒരു കർഷകൻ ഉണഅടായിരുന്നു. അദ്ദേഹത്തിന്റെ പേര് രാമു എന്നാണ്. അദ്ദേഹത്തിന് ഒരു കൃഷി സ്ഥലമുണ്ടായിരുന്നു. അവിടെ അദ്ദേഹം വിവിധ തരത്തിലുള്ള വിളകൾ നട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ഏക വരുമാനം ഇതായിരുന്നു. ഏപ്രിൽ മാസത്തിൽ വിളകൾ വളർന്ന് അത് കൊയ്യാറായി. രാമുവിന് വളരെ സന്തോഷമായി. അദ്ദേഹം തന്റെ വീട്ടിൽ പോയി വിളവെടുക്കാനുള്ള തയ്യാറെടുപ്പുകൾ

ചെയ്യുകയായിരുന്നു. പിറ്റേ ദിവസം രാവിലെ നോക്കിയപ്പോൾ കൃഷിസ്ഥലത്തിൽ ഒന്നുമില്ല. എല്ലാം ആരോ മോഷ്ടിട്ടു കൊണ്ടു പോയിരിക്കുന്നു. സങ്കടം വന്ന രാമു രാജാവിനോട് പറഞ്ഞു. തന്റെ കൃഷിസ്ഥലത്തിൽ നിന്നും വിളകൾ മോഷ്ടിച്ചയാളെ കണ്ടുപിടിച്ചുതരണം. ദയ തോന്നിയ രാജാവ് ഉടൻ തന്നെ എല്ലാ കർഷകരെയും കൊട്ടാരത്തിൽ വരാൻ ആവശ്യപ്പെട്ടു. അങ്ങനെ എല്ലാവരും എത്തി. രാജാവ് എല്ലാവരോടുമായി പറഞ്ഞു. ഇവിടെ കുറച്ച് മാന്ത്രിക വടികളുണ്ട്. ഇവയിൽ എല്ലാത്തിനും ഒരേ നീളമാണുള്ളത്. നിങ്ങൾ ഓരോരുത്തരും തനിക്ക് ഇഷ്ടപ്പെട്ടത് എടുത്തോളൂ.എന്നിട്ട് ഇത് തിരിച്ച് നാ ളെ കൊണ്ടുവരണം. നിങ്ങളുടെ വീട്ടിൽ കള്ളനുണ്ടെങ്കിൽ ഇത് രണ്ടടി കൂടും. എല്ലാ കർഷകരും അവരുടെ ഗൃഹങ്ങശളിൽ പോയി. മോഷിട്ടിച്ച കർ ഷകൻ തന്നോടുതന്നെ പറഞ്ഞു. എന്തെല്ലാമായാലും ഇതിന്റെ നീളം കൂടും. അപ്പോൾ അത്രയും ഭാഗം ഒടിച്ചുകളഞ്ഞാൽ മതിയല്ലോ എന്ന്. അങ്ങനെ അയാൾ  ആ വടി ഒടിച്ചുകളഞ്ഞു. പിറ്റേ ദിവസം ബുദ്ധിമാനായ രാജാവ് അത് പിടികൂടുകയും അദ്ദേഹത്തിനെ ജ്ജക്കിലേറ്റുകയും ചെയ്തു. രാമുവിന് വിളകൾ തിരിച്ചു കിട്ടുകയും ചെയ്തു.

**വൈക്കം മുഹമ്മദ് ബഷീർ**

ജീവിതം അന്തമായ

പ്രാർത്ഥനയാണ് .....

മരണമില്ലാത്ത വാക്ക്

അനുഭവങ്ങളുടെ വൻകരയെ മലയാള

സാഹിത്യത്തിലേക്ക് കൊണ്ടുവന്ന ബഷീർ

ഒരു ഇതിഹാസമായിരുന്നു. ജനിയുടെ

തെരുവുകളിലെ ശബ്ദങ്ങളും സംഗീതം

പൊഴിക്കുന്ന  സുരഭില സ്വപ്നങ്ങളും

അക്ഷരങ്ങളിലേക്കാവാഹിക്കുന്ന ബേപ്പൂർ
സുല്ഃത്താൻ അല്ലാഹുവിന്റെ

ഖജനാവിലെ സമയവും മുറിച്ച് മറഞ്ഞുപോയി

സ്വാതന്ത്ര്യത്തിന്റെ നാനാർത്ഥങ്ങൾ

പറഞ്ഞ മതിലുകൾ ചോരകിനിയുന്ന

പ്രണയത്തിന്റെ ഉഷ്ണ വാഹിനിയായ ബാല്യകാലസഖി. ഭായയുടെ
മാന്ത്രികത

അനുഭവിച്ച പാത്തുമ്മയുടെ ആട്
ചേതോഹരമായ

അശാന്തിയെ കുറിച്ചെഴുതിയ

കവിത പോലെയുള്ള കഥകൾ

**പുഷ്പം**

ഞാനൊരു പുഷ്പമായി

വിരിയുന്ന നേരം, കാറ്റായി

നീ എന്ന പുണരില്ലേ

എന്നിതൾ തഴുകി, എൻ കരം മുത്തമിട്ട്

എങ്ങോ മാഞ്ഞു നീ പോയില്ലേ......

തേൻ നുകരും പൂമ്പാറ്റയെപ്പോൽ

വർണ്ണമെഴും മഴവിൽ പോലെ നീ

എൻ മുഖം കാണാനായി വരികയില്ലേ

എൻ ഗന്ധമേൽക്കാൻ ഓടിയെത്തും  കുരുന്നുകൾ

എന്നെ മശിപ്പിക്കാൻ മുതിരല്ലേ........

ഞങ്ങളെന്നും പ്രകൃതി സ്വത്ത്........

ഞങ്ങളെന്നും ദൈവത്തിന്റെ വരദാനം.

## പെരുന്തച്ഛൻ

ഇത്തിരിക്കൊരു സുഖം തോന്നുന്നുണ്ടെനിക്കിന്നൻ-
പൊത്തിലെത്രനാളായ് ഞാൻ ചുരുണ്ടുകിടക്കുന്നു!
വാതമെന്നലുമ്പിലെ മജ്ജയൊക്കെയും കാർന്നു,
പ്രേതമായിത്തീർന്നു ഞാനെന്നാകിലും ശ്വസിക്കുന്നു.
ഉളിവെയ്ക്കുമ്പോൾ കട്ട പൊന്നു പോൽ മിന്നും പ്ലാവും
കളിവഞ്ചി വെട്ടീടാൻ ചേലേന്തും വൻതേമാവും
നിറയെ പൂത്തും കായച്ചും നിൽക്കുമീ മീനക്കാലത്തി-
റിയത്തു ചെന്നൊന്നു നോക്കുവാൻ കഴിഞ്ഞെങ്കിൽ!
എൻ പറമ്പിലില്ലാ ഒറ്റ കുറ്റിവാഴയുമെനി-
ക്കിമ്പമാണെവിടെയും മരം കണ്ടാൽ.
ഒൻപതാൾ പിടിച്ചാലും പിടികൂടാതുണ്ടൊറ്റത്തമ്പക-
മുളയന്നൂരമ്പലമൈതാനത്തിൽ.
വളവില്ലാ പോട്ടും കേടുമെൻ കണ്ണാൽ ഞാനൊന്നളന്നിട്ടൊ-
രെൺപതു കോലിനപ്പുറം പോവും
മുറിച്ചാലതു മതി നാട്ടിലെ പുരക്കെല്ലാം
മുളമോന്തായം മാറ്റാ, മുത്തരത്തിനും കിട്ടും .
അല്ലെങ്കിലൂരാണ്മക്കാർ മോഹിക്കും പോലെ ചെത്തി-
യില്ലാമാളികകൾക്കു ചീലാന്തിക്കതൊപ്പിക്കാം.

## മലയാളം

മലയാളമേ നീയില്ലെങ്കിലീ
ജീവിതമെത്ര നിരർത്ഥം !
നീയില്ലെങ്കിലെന്നാനന്ദമീ.
എൻറെ വേദനയ്ക്കില്ലൊരു ഭാഷ.

നീയെന്റെ കാഴ്ച്ചയും കേൾവിയും ചിന്തയും
നീയെൻ വികാരമ, മെൻ സ്വപ്നം
നീ മഴ പോലെന്നിൽ പെയ്യുന്നു
നീയോ വെയിലും നിലാവും

നീ വേര്, നീ ചെടി, നീ പൂവ്, നീ ഫലം
നീ തന്നെ ഭാവി തൻ വിത്തും
നീ കടൽപോലെ തിരയടിച്ചെത്തുന്നു
നീ കറങ്ങീടുന്നു കാറ്റായ്

നീ തന്നെ തുഞ്ചന്റെ സീത, നീ തന്നെ വണി
കാനനത്തിൻ പരിത്യക്ത.
നീ വിരിയുന്നു വനത്തിന്നിരുട്ടിലും



# നന്ദി ..........